(ബി) ഭരണസംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുകവഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാലതാമസവും പരമാവധി ഒഴിവാക്കുക, ജനങ്ങൾക്ക് അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുക, ജനങ്ങൾ പൊതുവായി നേരിടുന്നതും എന്നാൽ ചട്ടപ്രകാരം പരിഹാരം കാണാൻ സാധിക്കാത്തതുമായ വിഷയങ്ങൾക്ക് ചട്ടങ്ങളിലും നിയമങ്ങളിലും ഇളവ് വരുത്തി പ്രത്യേകം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച് പരിഹാരം കാണുക എന്നിവ ലക്ഷ്യമാക്കിയാണ് 'കരുതൽ 2015' എന്ന പരിപാടി നടത്തിയത്.

(സി) കരുതൽ 2015 എന്ന പരിപാടിയുടെ സജ്ജീകരണം/മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 11-3-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 1757/15/പൊ.ഭവ അനുബന്ധമായി ചേർക്കുന്നു.* 'കരുതൽ 2015' പരിപാടിയിൽ, കിടപ്പുരോഗികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥനും മെഡിക്കൽ ഓഫീസറും നേരിട്ട് രോഗിയുടെ വീട്ടിലെത്തി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും അതിന്മേൽ പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ജനസമ്പർക്ക പരിപാടിയിലൂടെ ധനസഹായ വിതരണം ബാങ്ക് അക്കൗണ്ട് വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലകളിലും വിവിധ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

മിഷൻ 676-ന്റെ ഭാഗമായി സേവനാവകാശ നിയമം നടപ്പിലാക്കാൻ പദ്ധതി

29 (1732) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം മിഷൻ 676 ന്റെ ഭാഗമായി എല്ലാ വകുപ്പിലും നടപ്പിലാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സേവനാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സേവനാവകാശ നിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നത് ആരുടെ നേതൃത്വത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ 1-ാം തീയതി നിലവിൽ വരികയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ സ.ഉ.(പി) 56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നു. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം വകുപ്പുപ്രകാരം ഓരോ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ),നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും/സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ സേവനാവകാശ ആക്ടിന്റെ പരിധിയിൽവരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സേവനാവകാശനിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നതിന് വകുപ്പ് സെക്രട്ടറിമാരെയും വകുപ്പദ്ധ്യക്ഷന്മാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതിന് ടി നിയമം 3-ാം വകുപ്പുപ്രകാരം നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി രണ്ടാം അപ്പീൽ അധികാരി എന്നിവരെ അതത് വകുപ്പുകൾ/ സ്ഥാപനങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.